# Malayala Manorama
# 28 August 2018
# Kochi, After Flood, Flood Victim

## പോകാനിടമില്ലാതെ അനിതയും മക്കളും

കൊച്ചി • വിശക്കുമ്പോൾ അലറിക്കരയും. ഭക്ഷണം കിട്ടിയാൽ ഒച്ചവച്ചു ചിരിക്കും. പതിനഞ്ചുകാരനായ ജിത്തുവിന്റെ വികാരങ്ങൾ ഇത്രമാത്രം. ദുരിതാശ്വാസ ക്യാംപിലെ അടുപ്പിച്ചിട്ട നാലു ബഞ്ചുകൾക്കു മുകളിൽ കരച്ചിലും ചിരിയുമായി ജിത്തു എത്തിയിട്ട് 12 ദിവസം. ഒറ്റപ്പായയിൽ കിടന്നു കൈകാലിട്ടടിക്കുമ്പോൾ മര ബഞ്ചിൽ കൊണ്ടു വേദനിക്കും. അപ്പോൾ മുഖം മാറും. അമ്മ അനിതയുടെ മടിയിൽ ചേർന്നിരിക്കുമ്പോൾ ചെറിയ ആശ്വാസം. കുറുമശേരി ഗവ. എൽപി സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ സെറിബ്രൽ പാൾസി രോഗ ബാധിതനായ ജിത്തുവിനെ മടിയിലിരുത്തി ആശ്വസിപ്പിക്കാൻ പോലും അനിതയ്ക്കു കഴിയുന്നില്ല. ക്യാംപ് ഇന്നോ നാളെയോ പിരിച്ചുവിടും. അതുതന്നെയാണു സമാധാനക്കേടും.

എങ്ങോട്ടു പോകും എന്ന ചോദ്യത്തിന് ഇനിയും ഉത്തരം ആയില്ല. പ്രളയം പെയ്തു തോർന്നപ്പോൾ ബാക്കിയുള്ളതു മൂന്ന് ജീവനുകൾ മാത്രം. അനിതയും മകനും പ്ലസ്ടുവിനു പഠിക്കുന്ന മകൾ അഞ്ജനയും. ആലുവ താലൂക്കിലെ പാറക്കടവിലാണു വീട്. മകൻ ജനിച്ചതിനു ശേഷം ഭർത്താവ് ഉപേക്ഷിച്ചു. രോഗിയായ അമ്മ ചന്ദ്രികയും ഇപ്പോൾ കൂടെയുണ്ട്. പണിയെടുത്തു നേടിയതെല്ലാം പോയി. വീടിനടുത്തെ കടകളിൽ ക്ലീനിങ്ങും മറ്റു ജോലികളും ചെയ്തു നേടിയവ. ബന്ധുക്കളുടെയും നാട്ടുകാരുടെയും സഹായം കൊണ്ടു വാങ്ങിയതാണു പാറക്കടവിൽ അഞ്ചു സെന്റ് സ്ഥലവും അതിലൊരു ജീർണിച്ച വീടും. ബാങ്കിൽനിന്നു ലോൺ എടുത്ത് ഓടിട്ട വീടിന്റെ മേൽക്കൂര ശരിയാക്കി. തുച്ഛ വരുമാനത്തിൽനിന്നു മിച്ചംപിടിച്ചു വാങ്ങിയതാണു വീട്ടിലെ സാധനങ്ങൾ. ഇലക്ട്രോണിക് ഉപകരണങ്ങളായി ടിവി യും മിക്സിയും മാത്രം. അതുൾപ്പെടെ ഡൈനിങ് ടേബിൾ, കസേരകൾ, ഗ്യാസ് സ്റ്റൗ, പാത്രങ്ങൾ, തുണികൾ എല്ലാം നശിച്ചു. വീടിന്റെ മുക്കാൽ ഭാഗത്തോളം വെള്ളത്തിൽ മുങ്ങി.

മേൽക്കൂരയുടെ ഒരു ഭാഗം ഒടിഞ്ഞുതൂങ്ങി. ഭിത്തി കുതിർന്ന് ഏതു നിമിഷവും നിലംപതിച്ചേക്കാവുന്ന അവസ്ഥ. അവിടേക്കു പോകാൻ അനിതയ്ക്കു ധൈര്യമില്ല. ചെളി കയറിയ വീട് വൃത്തിയാക്കിയില്ല. കിണറിലെ വെള്ളം വറ്റിച്ച് ക്ലോറിനേഷൻ നടത്തി. തുണികളും പാത്രങ്ങളും ചെളി പിടിച്ചു കിടക്കുകയാണ്. ക്യാംപ് കഴിയുമ്പോൾ വാടക വീട്ടിലേക്കു മാറേണ്ടി വരുമെന്ന് അനിത പറയുന്നു. വാടക കൊടുക്കാൻ കയ്യിൽ പണമില്ല. അതിനാൽ വാടകയ്ക്കു വീടു കിട്ടുമോയെന്നു സംശയം. സുഖമില്ലാത്ത മകനെ ബന്ധുവീടുകളിൽ താമസിപ്പിക്കാൻ പറ്റില്ല. മകന്റെ അസുഖം കാരണം പലപ്പോഴും ജോലിക്കു പോകാൻ കഴിയാറില്ല. മകളുടെ പഠനച്ചെലവും അമ്മയുടെയും മകന്റെയും ചികിത്സാ ചെലവുമുൾപ്പെടെ നാലുപേരുടെ കാര്യങ്ങൾ നടക്കുന്നത് അനിതയുടെ വരുമാനം കൊണ്ടാണ്. ഇതിനിടെ ലോൺ അടയ്ക്കാൻ പറ്റാതെ കുടിശികയായി. എന്തു ചെയ്യണമെന്നറിയാതെ മക്കളെ ചേർത്തുപിടിച്ച് ക്യാംപിൽ കഴിയുകയാണ് അനിത. കൂടെയുള്ള എല്ലാവരും മടങ്ങി. തൽക്കാലത്തേക്കു മറ്റൊരു ക്യാംപിലേക്ക് ഇവരെ ഇന്നലെ മാറ്റി. അതും നിർത്തിയാൽ... ജീവിതം ചോദ്യചിഹ്നമാകുകയാണ് ഇവരുടെ മുൻപിൽ.



അനിതയും മകനും കുറുമശേരി എൽപി സ്കൂളിലെ ക്യാംപിൽ